പതിനാലാം കേരള നിയമസഭ
ഒമ്പതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ. 1625 — 31-01-2018 ൽ മറുപടിക്ക്

**മണ്ണ് സംരക്ഷണ പ്രവൃത്തികൾ**

| ചോദ്യം | മറുപടി |
|---|---|
| ശ്രീമതി. പി. അയിഷ പോറ്റി | ശ്രീ.വി.എസ്. സുനിൽകുമാർ (കൃഷി വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| (എ) | കൊട്ടാരക്കര നിയോജകമണ്ഡലത്തിൽ നിലവിൽ പുരോഗമിക്കുന്ന മണ്ണ് സംരക്ഷണ പ്രവൃത്തികളുടെ വിശദാംശങ്ങൾ പഞ്ചായത്ത് തിരിച്ച് ലഭ്യമാക്കുമോ; | (എ) | നബാർഡ് ധനസഹായത്തോടെയുള്ള ആർ.ഐ.ഡി.എഫ് പദ്ധതിയുടെ 19-ാം ഘട്ടത്തിൽ ഉൾപ്പെടുത്തി ഭരണാനുമതി നൽകിയ വെളിയം ഗ്രാമപഞ്ചായത്തിലെ "മാലയിൽ പരുത്തിയറ നീർത്തട പദ്ധതി" നടപ്പിലാക്കിവരുന്നു. 108.12 ലക്ഷം രൂപ അടങ്കൽ തുകയുള്ള ഈ പദ്ധതിയിൽ നാളിതുവരെ 85.44 ലക്ഷം രൂപ ചെലവഴിച്ച് 228 ഹെക്ടർ പ്രദേശത്ത് കല്ലുകയ്യാലകൾ, ട്രെഞ്ചുകൾ, ടെറസുകൾ, പാർശ്വഭിത്തികൾ, ചെക്ക്ഡാമുകൾ, കുളങ്ങൾ എന്നിവ നിർമ്മിച്ചിട്ടുണ്ട്. നാളിതുവരെ 224 ഗുണഭോക്താക്കൾക്ക് പദ്ധതി പ്രവർത്തനങ്ങളുടെ പ്രയോജനം ലഭിച്ചിട്ടുണ്ട്. പദ്ധതി പ്രവർത്തനങ്ങൾ പുരോഗമിച്ചു വരുന്നു. |
| (ബി) | നിയോജകമണ്ഡലത്തിൽപ്പെടുന്ന എത്ര പ്രവൃത്തികൾ അനുമതിക്കായി സർക്കാരിൽ സമർപ്പിച്ചിട്ടുണ്ടെന്നും അവയുടെ നിലവിലെ സ്ഥിതിയും വിശദമാക്കുമോ? | (ബി) | കൊട്ടാരക്കര നിയോജകമണ്ഡലത്തിൽ ഹരിതകേരള മിഷന്റെ ഭാഗമായി സുജലം സുഫലം പദ്ധതിയുടെ ഭാഗമായുള്ള പുലമൺതോട് നീർത്തട പദ്ധതി (5.60 കോടി രൂപ), വെളിയം നീർത്തട പദ്ധതി (2.00 കോടി രൂപ), വട്ടമൻകാവ് നീർത്തട പദ്ധതി (1.12 കോടി രൂപ), എന്നീ പദ്ധതികൾ നബാർഡ് സഹായത്തോടെയുള്ള ആർ.ഐ.ഡി. എഫ് പദ്ധതിയുടെ 23-ാം ഘട്ടത്തിൽ ഉൾപ്പെടുത്തി ഭരണാനുമതിക്കായി നബാർഡിൽ സമർപ്പിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ